## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6752. 04.04.2018-ന് മറുപടിയ്ക്ക്

### റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) മണലൂർ, തൃശ്ശൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതും വളരെയേറെ ഗതാഗത തിരക്കുള്ളതുമായ തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എ) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 11/05/2017-ൽ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലമേറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ (ഏറ്റെടുക്കേണ്ട സ്ഥലം 200 ആർസിൽ കുറവായതിനാൽ) സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ കണ്ടെത്തി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്, കണ്ടിജൻസി തുക എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഉണ്ട്. പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ 2015-ലെ റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് (കേരള) ചട്ടങ്ങളിലെ ചട്ടം 4-ലെ ഉപ ചട്ടം (2)-ൽ പ്രതിപാദിക്കുന്ന നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് (ഭൂമി ഏറ്റെടുത്ത് നല്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയുടെ മതിപ്പ് ചെലവിന്റെ 30% തുക) കെട്ടിവയ്ക്കേണ്ടതുണ്ട്. 23/08/2017-ൽ ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2015-ലെ റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന 30% ചാർജ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി.

1. സ്പെഷ്യൽ യൂണിറ്റുകളെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്ന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള റിക്വിസിഷൻ അതോറിറ്റികൾ നഷ്ടപരിഹാ

രത്തിന്റെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ കെട്ടിവയ്ക്കേണ്ടതില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന മൊത്തം എസ്റ്റാബ്ലിഷ് മെന്റ് തുക തവണകളായി (പ്രതിവർഷം) റിക്വിസിഷനിംഗ് അതോറിറ്റി അടക്കേണ്ടതാണ്.

2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർവഹിക്കുന്ന ഭൂമി ഏറ്റെടുക്കലുകളിൽ നഷ്ടപരിഹാരത്തിന്റെ അനുപാതിക എസ്റ്റാബ്ലിഷ് മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ റിക്വിസിഷൻ അതോറിറ്റികൾ കെട്ടിവയ്ക്കേണ്ടതില്ല.

മേൽ തീരുമാനം സർക്കാർ അംഗീകരിക്കുകയും 2015 ലെ LARR Rules ചട്ടം 4, ഉപചട്ടം(2) ഭേദഗതി ചെയ്തുകൊണ്ട് 23/01/2018-ൽ 301/ബി1/2017/ആർ.ഡി പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കു ശേഷവും ആക്ഷേപമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒഴിവാക്കി 5% കണ്ടിൻജൻസി ചാർജ് മാത്രം കെട്ടിവയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ